**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 255** **12-10-2026-ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം സപ്ലൈ ഓഫീസിന് പുതിയ കെട്ടിടം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. കെ. എം. അഷ്റഫ് ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** മഞ്ചേശ്വരം സപ്ലൈ ഓഫീസിൽ ജീവനക്കാർക്ക് സൗകര്യപ്രദമായ ടോയ് ലറ്റ് സംവിധാനം പോലും ഇല്ലാതെ വർഷങ്ങളായി വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ഉണ്ട്. സ്വകാര്യ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന മഞ്ചേശ്വരം താലൂക്ക് സപ്ലൈ ഓഫീസ് മഞ്ചേശ്വരം താലൂക്കിൽ മംഗൽപാടി പഞ്ചായത്തിന്റെ അധീനതയിലുള്ള ലൈബ്രറി കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള അനുമതി നൽകിയിരുന്നു. എന്നാൽ ഓഫീസിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ഓഫീസ് പ്രവർത്തനം ടി കെട്ടിടത്തിലേക്ക് മാറ്റാൻ കഴിഞ്ഞിട്ടില്ല.

**(ബി)** മഞ്ചേശ്വരം സപ്ലൈ ഓഫീസിന് പുതിയ കെട്ടിടം പണിയാൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ ആയതിന് സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

**മറുപടി:** പുതിയ കെട്ടിടം പണിയുന്ന കാര്യം പരിഗണനയിലില്ല.

**(സി)** സ്വന്തമായി കെട്ടിടം പണിയുന്നതിന് മുൻപ് താൽക്കാലികമായെങ്കിലും പ്രസ്തുത ഓഫീസ് മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റുന്നത് പരിഗണനയിൽ ഉണ്ടോ എന്ന് വ്യക്തമാക്കാമോ?

**മറുപടി:** മംഗൽപാടി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നയാബസാർ എന്ന സ്ഥലത്തുള്ള പഞ്ചായത്ത് ലൈബ്രറി കെട്ടിടം 15 വർഷത്തേക്ക് മഞ്ചേശ്വരം താലൂക്ക് സപ്ലൈ ഓഫീസ് പ്രവർത്തനത്തിനായി വിട്ടു നല്കുന്നതിന് പഞ്ചായത്ത് തീരുമാനം ആയിട്ടുണ്ട്. ടി കെട്ടിടം ഓഫീസ് പ്രവർത്തനത്തിനാവശ്യമായ രീതിയിൽ നവീകരിക്കുന്നതിന് 2026-27 പ്ലാൻ ഫണ്ടിൽ തുക വകയിരുത്തിയിട്ടുണ്ട്. നവീകരണം പൂർത്തിയാക്കി ഓഫീസ് പ്രവർത്തനം പഞ്ചായത്ത് കെട്ടിടത്തിലേക്ക് മാറ്റുന്നതാണ്.

**സെക്ഷൻ ഓഫീസർ**